**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1305** **30-08-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ദെലീമ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ടൈം മാഗസിൻ തയ്യാറാക്കിയ പട്ടികയിൽ ലോകത്ത് കണ്ടിരിക്കേണ്ട അൻപത് സ്ഥലങ്ങളിൽ ഒന്നായി സംസ്ഥാനം ഇടം പിടിച്ചത് വിനോദ സഞ്ചാരമേഖലയ്ക്ക് കുതിപ്പേകാൻ സഹായകമാകുമെന്ന് കരുതുന്നുണ്ടോ; | (എ) | ടൈം മാഗസിൻ 2022 ൽ പുറത്തിറക്കിയ ലോകത്ത് കണ്ടിരിക്കേണ്ട 50 സ്ഥലങ്ങളിൽ ഒന്നായി കേരളം ഇടം പിടിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേകതയായി ബീച്ചുകളും, കായലുകളും, ആരാധനാലയങ്ങളും കൂടാതെ കേരള ടൂറിസം ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കാരവൻ ടൂറിസം പദ്ധതിയെ സംബന്ധിച്ചും ടൈം മാഗസിൻ പരാമർശിച്ചിട്ടുണ്ട്. വിദേശികളെ കേരളത്തിലേക്ക് പ്രധാനമായും ആകർഷിക്കുന്ന നമ്മുടെ പ്രകൃതിഭംഗിയെ കുറിച്ചും, സംസ്കാരത്തെ ക്കുറിച്ചും ടൈം മാഗസിൻ വിവരിച്ചത് വിനോദസഞ്ചാര മേഖലയ്ക്ക് കുതിപ്പേകാൻ സഹായകമാകുമെന്ന് കരുതുന്നു. അന്താരാഷ്ട്ര തലത്തിൽ കേരളത്തിന് ലഭിച്ച അംഗീകാരമാണ് ഈ നേട്ടം. കേരളത്തെക്കുറിച്ച് വന്ന ഈ റിപ്പോർട്ട് സംസ്ഥാനത്തിന്റെ ടൂറിസം വളർച്ചയ്ക്ക് വളരെയധികം സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ടൂറിസം വിപണനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രചാരണ പരിപാടികളെക്കുറിച്ച് അറിയിക്കാമോ; കേരള ട്രാവൽ മാർട്ട് എത്രമാത്രം വിജയകരമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെ പറയുന്ന പ്രചരണ പരിപാടികൾ എല്ലാം തന്നെ ഫലപ്രദമായ പ്രചാരണം ലക്ഷ്യമിട്ട് ആവിഷ്കരിച്ചതാണ്.<br>• സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ<br>• കേരള ഡ്രൈവ് ഹോളിഡെയ്സ്<br>• ലോംഗ് സ്റ്റേയ്സ് ഇൻ കേരള<br>• ഹോംസ്റ്റേ പ്രമോഷൻ<br>• ഹണിമൂൺ ഹോളിഡെയ്സ്<br>• കാരവൻ ടൂറിസം പ്രമോഷൻ<br>• ചെഞ്ച് ഓഫ് എയർ ക്യാമ്പയിൻ<br>• ഫാം ട്രിപ്പുകൾ |

| | | | |
|---|---|---|---|
| | | | • വിവിധ ദേശീയ അന്തർ ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം<br><br>കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് KTM (കേരള ട്രാവൽ മാർട്ട്) സംഘടിപ്പിച്ചത്. കോവിഡ് മഹാമാരിയെ തുടർന്ന് വളരെയേറെ പ്രയാസം അനുഭവിച്ച കേരളത്തിലെ ടൂറിസം മേഖല സഞ്ചാരികളെ വരവേൽക്കാൻ സജ്ജമാണെന്നുള്ള സന്ദേശം ആഗോള വ്യാപകമായി എത്തിക്കുന്നതിൽ വലിയ പങ്കാണ് കേരള ട്രാവൽ മാർട്ട് വഹിച്ചത്. 234- വിദേശ ബയർമാരും 897 ആഭ്യന്തര ബയർമാരും ഉൾപ്പെടെ 1200-ഓളം ബയർമാർ കേരള ട്രാവൽ മാർട്ടിൽ പങ്കെടുത്തു. 55,000- വാണിജ്യ കൂടിക്കാഴ്ചകൾ കേരള ട്രാവൽ മാർട്ടിൽ നടക്കുകയുണ്ടായി. രാജ്യത്തെ 25 സംസ്ഥാനങ്ങളിൽ നിന്നും 59 വിദേശ രാജ്യങ്ങളിൽ നിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു. 2018-ൽ നടന്ന കേരള ട്രാവൽ മാർട്ടിനേക്കാൾ കൂടുതൽ കാഴ്ചകൾ ഈ വർഷത്തെ ട്രാവൽ മാർട്ടിൽ നടക്കുകയുണ്ടായി. കോവിഡാനന്തര കാലമായതിനാൽ അടുത്ത രണ്ട് വർഷത്തേക്ക് ആഭ്യന്തര സഞ്ചാരികളെ മുൻനിർത്തിയിട്ടുള്ള വിപണന തന്ത്രങ്ങളാണ് കേരള ട്രാവൽ മാർട്ടിൽ മുഖ്യമായും അവതരിപ്പിച്ചത്. പൂർണ്ണ സുരക്ഷിതവും സജ്ജവുമാണ് കേരളത്തിലെ ടൂറിസം എന്ന് ലോക ടൂറിസം മേഖലയെ ബോധ്യപ്പെടുത്തുന്നതിന് ഈ വർഷത്തെ ട്രാവൽ മാർട്ടിന് മുഖ്യ പങ്ക് വഹിക്കുവാൻ കഴിഞ്ഞു. |
| (സി) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനും വിനോദസഞ്ചാരത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനം മുന്നിൽകണ്ട് നിരവധിയായ പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പാക്കി വരുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്" പദ്ധതി. കൂടാതെ വകുപ്പ് പുതുതായി ആരംഭിച്ച പദ്ധതിയാണ് കാരവൻ ടൂറിസം പദ്ധതി. ഗോത്രജനതയുടെ വൈവിധ്യങ്ങളെ അണി നിരത്തുന്ന "എൻ ഊര്" പദ്ധതി, ടൂറിസത്തിന്റെ പദ്ധതികൾ അനുഭവിച്ചറിയുന്ന "സ്ട്രീറ്റ് ടൂറിസം" പദ്ധതി, ആർ.റ്റി ക്ലബുകൾ, ബേപ്പൂർ വാട്ടർ ഫെസ്റ്റ്, ലിറ്ററി സർക്യൂട്ട്, ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, എന്നിവ ടൂറിസം വകുപ്പിന്റെ പുതിയ പദ്ധതികളാണ്. "ഉത്തരവാദിത്ത ടൂറിസം" എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം ടൂറിസം, ഫുഡ് ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം പ്രാദേശിക കലാകാരന്മാർക്ക് |

| | | | |
|---|---|---|---|
| | | | പ്രോത്സാഹനം എന്നിവ റെസ്പോൺസിബിൾ ടൂറിസം മിഷൻ വഴി നടപ്പാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ വിനോദസഞ്ചാര വികസനത്തിന്റെ ഗുണ ഫലങ്ങൾ താഴെ തട്ടിലേക്ക് എത്തിക്കുന്നതിനും അതുവഴി പ്രാദേശിക ജനതയ്ക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കി, വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ